# - Academic Master Plan -

## GHSS Iranikulam
## 2025.2026

Scanned with OKEN Scanner

# ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. വിദ്യാലയ ചരിത്രം
4. അവസ്ഥാവിശകലനം
5. പൊതുലക്ഷ്യങ്ങൾ
6. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
7. അക്കാദമിക പ്രവർത്തനങ്ങൾ
    * ഇംഗ്ലീഷ് ഭാഷാപഠനം
    * മാതൃഭാഷാപഠനം
    * രാഷ്ട്രഭാഷാപഠനം
    * ശാസ്ത്രപഠനം
    * സാമൂഹ്യശാസ്ത്രപഠനം
    * ഗണിതപഠനം
    * വിവരസാങ്കേതികവിദ്യ
8. ഉപസംഹാരം

Scanned with OKEN Scanner

## ആമുഖം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ കുഴൂർ പഞ്ചായത്തിലെ ഐരാണിക്കുളം എന്ന ഗ്രാമത്തിലെ 12ാം വാർഡിലാണ് ജി. എച്ച്. എസ്. എസ് ഐരാണിക്കുളം സ്ഥിതിചെയ്യുന്നത്. ഈ വിദ്യാലയത്തിൽ 2025-26 അധ്യയന വർഷം കുട്ടികളാണ് ഉള്ളത്. യു. പി. വിഭാഗത്തിൽ വിദ്യാർത്ഥികളും എസ്. എസ് വിഭാഗത്തിൽ വിദ്യാർത്ഥികളുമുണ്ട്. ഇതിൽ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടുന്നു. യു പി ഹൈസ്കൂൾ വിഭാഗങ്ങളിലായി അധ്യാപകരും അനധ്യാപകരും ഉണ്ട്. ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തന്നെ അക്കാദമിക നേട്ടങ്ങളും സ്വായത്തമാക്കാനാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## നേട്ടങ്ങൾ

SSLC ഫലം - തുടർച്ചയായി 15 വർഷം എസ് എസ് എൽ സിയ്ക്ക് 100% വിജയം നേടാൻ കഴിഞ്ഞു. 2025-26 അധ്യയന വർഷം മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ 6 വിദ്യാർത്ഥികൾ ഉണ്ട്. 9A+ നേടിയ 2 വിദ്യാർത്ഥികളും 8A+ നേടിയ 3 വിദ്യാർത്ഥികളും നേടി.

USS പരീക്ഷയിൽ 6 കുട്ടികളെ പങ്കെടുപ്പിച്ചു അതിൽ നാല് കുട്ടികൾക്ക് USS പരീക്ഷയിൽ വിജയം നേടി. പഠനപ്രവർത്തനങ്ങൾക്കു പുറമെ പാഠ്യേതര പ്രവർത്തനങ്ങളും വിവിധ മത്സരങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം, JRC, വിദ്യാരംഗം, മറ്റു ക്ലബ്ബുകൾ എന്നിവയുടെ സജീവ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാണ്.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. ഹയർസെക്കന്ററി സ്കൂൾ ഐരാണിക്കുളം |
| വിലാസം | : ഐരാണിക്കുളം . പി.ഒ.<br>തൃശ്ശൂർ ജില്ല.<br>പിൻകോഡ് . 680734 |
| സ്കൂൾ കോഡ് | : 23018 |
| വിദ്യാഭ്യാസ ജില്ല | : ഇരിങ്ങാലക്കുട |
| വിദ്യാഭ്യാസ ഉപജില്ല | : മാള |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| ബി. ആർ. സി | : മാള |
| സി. ആർ. സി | : കുഴൂർ |
| ഗ്രാമപഞ്ചായത്ത് | : കുഴൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : മാള |
| ജില്ലാ പഞ്ചായത്ത് | : തൃശ്ശൂർ |
| താലൂക്ക് | : ചാലക്കുടി |
| വില്ലേജ് | : കാക്കുളിശ്ശേരി |
| സ്ഥാപിതം | : 1940 |
| ഇ. മെയിൽ | : ghssiranikulam@yahoo.com |

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

ദീർഘകാലത്തെ പ്രവർത്തനമികവും മഹത്തായ പൈതൃകവും അവകാശപ്പെടാവുന്ന ഈ വിദ്യാലയം 1940ൽ സ്ഥാപിതമായതാണ്. വിദ്യാഭ്യാസം ഒട്ടും സാധാരണമല്ലാത്ത ഒരു കാലഘട്ടത്തിൽ ജന്മം കൊണ്ട ഈ വിദ്യാലയം രണ്ട് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിനായി സദാ ഉപാശ്രയകമായിരുന്നു.

4½ ക്ലാസ്സോടെ ആരംഭിച്ച ഈ സ്കൂളിന് സ്ഥലം അനുവദിച്ച് നൽകിയത് തെക്കേപുഷ്പകത്ത് നാരായണൻ നമ്പീശൻ എന്ന വ്യക്തിയായിരുന്നു. ദേവീവിലാസം ലോവർ സെക്കന്ററി എന്ന നാമധേയം സ്വീകരിച്ച ഈ സ്കൂളിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം വിട്ടുനൽകിയത് കപ്പിലയത്ത് കല്ലിയമ്മ നാരായണപണിക്കർ എന്ന മഹതിയായിരുന്നു. ഈ വിദ്യാലയത്തിലെ ആദ്യ SSLC ബാച്ച് 1946-47 കാലത്ത് പുറത്തിറങ്ങി. 1987-ൽ സ്കൂൾ സർക്കാർ ഏറ്റെടുത്തു. ഈ കാലങ്ങളിൽ രണ്ടായിരത്തിയഞ്ഞൂറോളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠനം നടത്തിയിരുന്നു.

രണ്ടായിരമാണ്ടിൽ ഈ വിദ്യാലയം ഹയർസെക്കന്ററിയായി ഉയർത്തപ്പെട്ടു. സാമൂഹ്യരംഗങ്ങളിൽ ശ്രദ്ധേയരായ നിരവധി പേർ ഈ സർക്കാർ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്.

----

Scanned with OKEN Scanner

# നിലവിലെ അവസ്ഥാവിശകലനം

കാലപ്പഴക്കം ചെന്ന 8 മുറികളുള്ള ഒരു കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ട്. ലാബ്, ലൈബ്രറി, സ്റ്റാഫ്റൂം, ഓഫീസ് എന്നിവ ഉൾപ്പെടുന്ന ഒരു കെട്ടിടം എത്രയും പെട്ടെന്ന് വിദ്യാലയത്തിന് ലഭിക്കേണ്ടിയിരിക്കുന്നു. 2022-23 ബജറ്റിൽ പുതിയ കെട്ടിടത്തിന് തുക വകയിരുത്തിയിരുന്നു. അതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

വിദ്യാലയത്തിന്റെ മുഖച്ഛായ മാറ്റാൻ കഴിയുന്ന ഗ്രൗണ്ട് നിർമ്മാണത്തിന് ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും കളിസ്ഥലം പുനർനിർമ്മിക്കാൻ ഭരണാനുമതി ലഭിക്കണം. വാഹനസൗകര്യവും മെച്ചപ്പെടുത്തേണ്ടതുണ്ട്. കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടാകേണ്ടതാവശ്യമാണ്. നിലവിൽ 5 മുതൽ 10 വരെ ഓരോ ഡിവിഷനുകളാണുള്ളത്. കായികഅധ്യാപകൻ, സംഗീത അധ്യാപകൻ എന്നിവരുടെ സേവനം ലഭ്യമല്ലാത്തത് വലിയ പരിമിതിയാണ്. സ്കൂൾ കൗൺസിലർ, ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കാൻ ഒരു സ്പെഷ്യൽ അധ്യാപിക എന്നിവരുടെ സേവനം വിദ്യാലയത്തിനു ലഭിക്കുന്നുണ്ട്.

# പൊതു ലക്ഷ്യങ്ങൾ

* ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

* അക്കാദമിക മികവിന് ഉപകരിക്കുന്നവിധത്തിൽ ഭൗതിക പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* അധ്യാപനം രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

* കലാകായിക സർഗ്ഗാത്മക ശേഷികൾ വികസിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* വ്യത്യസ്തങ്ങളായ ദിനാചരണങ്ങളിലൂടെ ദേശസ്നേഹം, രാഷ്ട്രബോധം, സാമൂഹിക പ്രതിബദ്ധത, പരിസരബോധം എന്നിവ വളർത്തുക.

* മതേതരത്വത്തിൽ ഊന്നിക്കൊണ്ട് മൂല്യബോധമുള്ള നല്ല കുട്ടികളായി മാറാൻ പരിശീലിപ്പിക്കുക.

Scanned with OKEN Scanner

# കാഴ്ചപ്പാട്

* വിദ്യാലയം മികവിന്റെ കേന്ദ്രം - ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നത് വഴി പാഠ്യ - പാഠ്യേതര - അനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം, പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം, അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

* മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്ന പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുക

* ജൂനിയർ റെഡ് ക്രോസിന്റെ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് സാമൂഹ്യാവബോധവും, മറ്റുള്ളവരെ സഹായിക്കാനുള്ള താത്പര്യവും വളർത്തിയെടുക്കുക.

*

* അപ്പർ പ്രൈമറി ക്ലാസ്സുകളിൽ വച്ചുതന്നെ ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം നേടിയെടുക്കുകയും വായനയിലൂടെ അറിവ് നേടുകയും അങ്ങനെ നല്ല ഒരു തലമുറയെ രൂപപ്പെടുത്തുകയും ചെയ്യുക.

* ശാസ്ത്രവിഷയം അഭ്യസിക്കുന്നതിലൂടെ ശാസ്ത്രീയ മനോഭാവമുള്ള തലമുറയെ വളർത്തിയെടുക്കുക.

* വിവരസാങ്കേതിക വിദ്യ അഭ്യസിക്കുന്നതിലൂടെ IT മേഖലയിലെ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ ഇത് കൂടുതൽ മെച്ചപ്പെടുത്താൻ വിദ്യാർത്ഥികളെ തയ്യാറാക്കുക.

Scanned with OKEN Scanner

## ആവശ്യമായ പദ്ധതികൾ
## മുൻഗണനാ ക്രമത്തിൽ

1. 12 ക്ലാസ്സ്മുറികളുള്ള 3 നിലകെട്ടിടം - 3 കോടിരൂപ
2. കളിസ്ഥലം നവീകരണം - 20 ലക്ഷം രൂപ
3. മിനിസ്റ്റേഡിയം - 10 ലക്ഷം രൂപ
4. ജലവിതരണ സൗകര്യം - 5 ലക്ഷം രൂപ
5. ലാബ് നിർമ്മാണം physics, chemistry Biology, IT (UP, HS) - 15 ലക്ഷം രൂപ
6. Dining Hall, kitchen എന്നിവയുടെ നിർമ്മാണം - 10 ലക്ഷം രൂപ
7. solar pannel 5 KV with backup - 3 ലക്ഷം രൂപ
8. smart class room - 20 ലക്ഷം രൂപ
9. underground water tank & motor - 5 ലക്ഷം രൂപ
10. office room നവീകരണം - 10 ലക്ഷം രൂപ
11. Painting - 2 ലക്ഷം രൂപ
12. stage and open Auditorium - 40 ലക്ഷം രൂപ
13. science park - 1 ലക്ഷം രൂപ
14. Bio-diversity park - 1 ലക്ഷം രൂപ
15. childrens park - 2 ലക്ഷം രൂപ
16. Accademy Football & chess - 50,000
17. Historical museum - 3 ലക്ഷം രൂപ

Scanned with OKEN Scanner

SUBJECT : ENGLISH

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| To encourage listening & Speaking | Interactive Storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills<br>Vocabulary games and exercises to build word knowledge. | June | English Teachers | English Club. |
| To encourage reading & Speaking | Interactive Reading Circles<br>Divide students in to small groups and provide them with age appropriate texts.<br>Each group reads the assigned text together and discusses key elements like plot, characters and themes<br>Encourage students to take turns reading aloud and share their | July | English Teachers | English Club. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | interpretations and reactions to the text.<br>After discussions, each group presents a summary or analysis of their assigned text.<br>Guided reading sessions with comprehension questions<br>Listening comprehension exercises using audio stories. | August - September | | |
| To develop Writing Skills | Improve Sentence Structure.<br>Practice for simple creative writing tasks like descriptive paragraphs, short stories, conversations etc. | October - December | | |
| | Interactive grammar games<br>Structured grammar lessons with examples and practice exercises<br>Worksheets on parts of speech, punctuation and sentence types | January - February | | |
| Differentiation & Support | Provide additional support & resources such as remedial programs to students who are differently abled | Throughout the year | | |

Scanned with OKEN Scanner

വിഷയം : മലയാളം

പ്രവർത്തനം

പേര് : അക്ഷരവും വായനയും

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക [illegible] |
|---|---|---|---|---|
| മാതൃഭാഷാ പഠനം രസകരമാക്കാൻ അവസരമൊരുക്കൽ | വായന ചിഹ്നങ്ങൾ ചേർത്തുള്ള എഴുത്ത് ഇവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | പ്രതിവാരം | മലയാളം അധ്യാപിക | |
| അക്ഷരവും വായനയും ഉറപ്പിക്കാത്ത കുട്ടികൾക്കു വേണ്ടി. | ചെറിയ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി കൊണ്ടുള്ള പ്രവർത്തനം. | | | |
| എല്ലാ കുട്ടികളിലും നിർദ്ദിഷ്ട പഠന നേട്ടം ഉറപ്പിക്കുന്നതിന് മികവ് പുലർത്തുന്ന കുട്ടികളുടെ [illegible]ത്തിൽ സഹായം ലഭ്യമാകുന്നു. | പിയർ ഗ്രൂപ്പ് പ്രവർത്തനം ഒഴിവുസമയങ്ങളിൽ<br>പുരോഗതി വിലയിരുത്തൽ. | ഓരോ ടേം | വിഷയ സമിതി. | |
| വൈവിധ്യമാർന്ന രീതിയിൽ ഭാഷ അനുഭവങ്ങൾ വിനിമയം ചെയ്യുന്നതിന് | പാഠപുസ്തകത്തിലെ കഥ, കവിത അടിസ്ഥാനമാക്കിയുള്ള ശില്പശാല. | പ്രതിമാസം | വിഷയ സമിതി. | |

Scanned with OKEN Scanner

പ്രവർത്തനം

പേര് : ചിഹ്നക്കളി

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള ഭാഷാ പഠനത്തിന് അവസരമൊരുക്കൽ | ചിഹ്നമില്ലാത്ത അക്ഷരങ്ങൾ ചേർന്ന വാക്ക്, വാചകം, ഖണ്ഡിക എന്നിവ യഥാക്രമം നൽകി പരിശീലിപ്പിക്കൽ. | പ്രതിമാസം | ഭാഷാ അധ്യാപകർ | |
| [illegible] | ഫലപ്രാപ്തി വിശകലനം | | വിഷയസമിതി. | |

പ്രവർത്തനം

പേര് : രചനശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. | രചന ശില്പശാല സംഘടിപ്പിക്കൽ<br>കഥയരങ്ങ്/കവിയരങ്ങ് സംഘടിപ്പിക്കൽ<br>ഉപഭാഷകളിൽ കഥ, കവിത, ആലാപനം, പ്രസംഗം എന്നിവയിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തൽ. | വർഷത്തിൽ 1, 2 പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി<br>വിഷയ സമിതി | ജില്ലാ പഞ്ചായത്ത്. |

Scanned with OKEN Scanner

പ്രവർത്തനം

പേര് : സാഹിത്യകാരപരിചയം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായിട്ടുള്ള എഴുത്തുകാരെ കണ്ടെത്തൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ (അഭിമുഖം) | വർഷത്തിൽ 1, 2 പ്രാവശ്യം | വിഷയ സമിതി. | |

പ്രവർത്തനം

പേര് : കയ്യെഴുത്തുമാസിക തയ്യാറാക്കൽ

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ഭാഷാ ശേഷികളിൽ മികവ് നേടുക | കുട്ടികളുടെ മികച്ച രചനകൾ/ ക്ലാസ്സ് സൃഷ്ടികൾ മാത്രം ഉൾപ്പെടുത്തി കയ്യെഴുത്ത് മാസിക തയ്യാറാക്കൽ. വിദ്യാർത്ഥികളുടെ ചിത്രരചനാ വൈദഗ്ദ്ധ്യം പ്രോത്സാഹിപ്പിക്കുന്നു. | വർഷാന്ത്യം | വിദ്യാരംഗം കലാസാഹിത്യവേദി. | |

Scanned with OKEN Scanner

## മേഖകൾ

### മേഖല / ഉപമേഖല: അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം - പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കാം | സ്കൂൾ തല ശാസ്ത്ര മേളകൾ സംഘടിപ്പിക്കുക ജില്ലാതലങ്ങളിലും പങ്കെടുക്കാൻ അവസരം ഉപജില്ലാ തലത്തിൽ പങ്കെടുക്കാൻ അവസരം | വർഷത്തിൽ ഒരിക്കൽ മാത്രം | ശാസ്ത്ര ക്ലബ്ബ് | |

### സയൻസ് പാർക്ക് - നവീകരണം
### അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം ഉണർത്തുന്ന ഉപകരണങ്ങൾ നിർമ്മിച്ച് സജ്ജീകരിക്കൽ | ശാസ്ത്ര പാർക്കിനെ നവീകരിച്ച് പുതിയ ദിശയിലേക്ക് മാറ്റുക പുതു ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുക | 3 മാസം | ശാസ്ത്ര ക്ലബ്ബ് | |

Scanned with OKEN Scanner

പേര്: ഉണർവ് പോഷണ പരിപാടി

മേഖല/ഉപമേഖല: അക്കാദമിക / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് വിശദമായി ശീലനം നൽകൽ ശാസ്ത്രജ്ഞർ നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരമുള്ള ആശയ ഗവേഷണങ്ങൾ പ്രശസ്ത ശാസ്ത്രജ്ഞർ ചെയ്ത കാര്യങ്ങൾ സംവദിക്കൽ | അവധി ദിവസങ്ങൾ | SRG | 5000/- (Sponsorship) |

പേര്: ശാസ്ത്രയാത്രകൾ (Field Trips)

മേഖല/ഉപമേഖല: അക്കാദമിക / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം അനുഭവങ്ങൾ | Cusat-ലെ ശാസ്ത്രസാങ്കേതിക കേന്ദ്രം, ശാസ്ത്രലബോറട്ടറികൾ, മെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കൽ | വർഷത്തിൽ 1 തവണ | ശാസ്ത്ര ക്ലബ്ബ്. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാമൂഹിക അവബോധം വളർത്തൽ, പ്രകൃതിസ്നേഹം പ്രോത്സാഹിപ്പിക്കാൻ, ദേശീയ അവബോധം വളർത്തൽ | സമീപ പ്രദേശങ്ങളിലെ ചരിത്രപര, ശാസ്ത്രപ്രദേശങ്ങൾ സന്ദർശിച്ച് കുറിപ്പ് തയ്യാറാക്കുക. | ജൂൺ - ഫെബ്രുവരി | സോഷ്യൽ സയൻസ് അധ്യാപകൻ, രക്ഷിതാക്കൾ |
| | ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക ദേശീയനേതാക്കൾ സ്വതന്ത്രസമരസേനാനികൾ എന്നിവരെക്കുറിച്ചുള്ള കൃതികൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക. | ജൂൺ - മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകൻ പി.ടി.എ |
| വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധം വളർത്തൽ | സ്കൂൾ പാർലമെന്റ് സംഘടിപ്പിക്കുക. | ജൂൺ - മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ |
| പ്രാദേശികചരിത്ര അന്വേഷണം, ചരിത്ര അവബോധം വളർത്തൽ | പ്രാദേശിക ചരിത്രം അന്വേഷിക്കാൻ, പ്രാദേശിക ചരിത്രം രചിക്കാൻ കുട്ടികൾക്ക് അവസരം കൊടുക്കുക. | ജൂൺ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ പ്രദേശവാസികൾ, മുതിർന്ന വ്യക്തികൾ, പി.ടി.എ, സോഷ്യൽ സയൻസ് അധ്യാപകർ |
| പ്രകൃതിദുരന്ത പ്രതിരോധപരിപാടികളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | ഭൂകമ്പം, വെള്ളപ്പൊക്കം എന്നിവ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. | ജൂൺ - മാർച്ച്. | സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ, സോഷ്യൽ സയൻസ് അധ്യാപകർ. |

Scanned with OKEN Scanner

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | നിത്യജീവിതത്തിലെ ഗണിതം | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ ഒന്ന് | അധ്യാപകർ, പി ടി എ | |
| 7 | ദിനാചരണങ്ങൾ | പൈ അപ്രോക്സിമേഷൻ ഡേ ശകുന്തളാദേവിയുടെ ജന്മദിനം ദേശീയ ഗണിതദിനം | ജൂലൈ നവംബർ ഡിസംബർ | അധ്യാപകർ ഗണിത ക്ലബ് | |
| 8 | പസിൽ ഓഫ് ദ വീക്ക് | ഗണിത ബുള്ളറ്റിൻ ബോർഡിൽ എല്ലാ ആഴ്ചയും പസിൽ നൽകുന്നു | ജൂലൈ - ഫെബ്രുവരി | അധ്യാപകർ ഗണിത ക്ലബ് | |
| 9 | ജിയോജിബ്ര പരിശീലനം | ജിയോജിബ്ര ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു | ആഗസ്റ്റ്, ഒക്ടോബർ, നവംബർ | അധ്യാപകർ, ഗണിത ക്ലബ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ യോഗം | ജൂൺ - ഫെബ്രുവരി | ഹെഡ്മിസ്ട്രസ് അധ്യാപകർ പി ടി എ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാനക്രിയകളും ആശയങ്ങളും കൈവരിക്കൽ | പ്രിടെസ്റ്റ് നടത്തി കുട്ടികളെ തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ, പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് രൂപീകരണം ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | ജൂലൈ - ഫെബ്രുവരി | അധ്യാപകർ ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 3 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പശാലകൾ, സ്കൂൾതല മേള, ഉപജില്ലാ മേള എന്നിവക്ക് വേണ്ട ഒരുക്കങ്ങൾ | ജൂലൈ - ഒക്ടോബർ | അധ്യാപകർ, ഗണിത ക്ലബ്ബ് ഭാരവാഹികൾ | |
| 4 | ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കൽ | ജൂൺ - നവംബർ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 5 | ഗണിത ക്വിസ് | മാസത്തിൽ ഒരു ഗണിത ക്വിസ് | ജൂലായ് - ജനുവരി | അധ്യാപകർ ഗണിത ക്ലബ്ബ് ഭാരവാഹികൾ | |

## ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT)

പേര്: മലയാളം കമ്പ്യൂട്ടിങ്

മേഖല/ഉപമേഖല: അക്കാദമികം/ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം ടൈപ്പിങ് മേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി, അവരെ ടൈപ്പിങ് പരിശീലനം നൽകുക | കമ്പ്യൂട്ടർ കീബോർഡിലെ മലയാളം Layout പരിചയപ്പെടുത്തി. മാതൃഭാഷയിൽ വിവരങ്ങൾ ടൈപ്പ് ചെയ്യുക. വിവരങ്ങളും ആശയങ്ങളും പരിശീലനം നേടുക | ഈ അധ്യയന വർഷ(പ്രവൃത്തി) ദിവസങ്ങളിൽ അധികസമയം കണ്ടെത്തി. നടത്തുക. | ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് അംഗങ്ങൾ കൈറ്റ് മെന്റേഴ്സ് |

പേര്: ഡിജിറ്റൽ പെയിന്റിംഗ് & മൾട്ടിമീഡിയ പ്രസന്റേഷൻ നിർമ്മിതബുദ്ധി (AI) മേഖല/ഉപമേഖല: അക്കാദമികം/ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചിത്രരചന മൾട്ടിമീഡിയ പ്രസന്റേഷൻ എന്നിവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തൽ AI പരിചയപ്പെടുത്തൽ | ദിനാചരണങ്ങളോട് അനുബന്ധിച്ച് ഡിജിറ്റൽ Painting മത്സരങ്ങൾ സംഘടിപ്പിക്കൽ, ഉത്സവ വിശേഷങ്ങൾ ചേർത്ത് Multimedia Presentation പരിശീലിപ്പിക്കുക. 'നിർമ്മിത ബുദ്ധി' പരിചയപ്പെടുത്തൽ | June മുതൽ October വരെ | SITC/ JSITC Class Teachers etc |

Scanned with OKEN Scanner

മേഖല : അക്കാദമികം   ഉപമേഖല: ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകുവാനുതകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാഠങ്ങൾ തയ്യാറാക്കുന്നു. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും | ജൂൺ രണ്ടാം വാരം | 8,9,10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 8,9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 8,9,10 | ഹിന്ദി അധ്യാപകർ. | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8,9 | ഹിന്ദി അധ്യാപകർ | |

CS CamScanner

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| | മാനസികവളർച്ചയും കണക്കിലെടുത്തു കൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | | | | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക; ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതി ദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേക പസിലുകൾ. ഐസിടി മുഖാന്തരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ. | |

# ഉപസംഹാരം

ഏതൊരു വിദ്യാലയത്തിന്റെയും വികസനക്കുതിപ്പിന് സഹായകമാകുന്നത് ആ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാനും അതോടൊപ്പമുള്ള പ്രവർത്തനങ്ങളുമാണ്. ഐരാണിക്കുളം ഗവ. ഹയർസെക്കന്ററി സ്കൂളിനെ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ മികവുറ്റ ഒരു സ്കൂളാക്കി മാറ്റാൻ സാധ്യമാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്. ഇതിനായി വിദ്യാലയത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും പി.ടി.എയുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ അക്കാദമിക മികവിന് മുതൽക്കൂട്ടാകുമെന്ന പ്രതീക്ഷയിലാണ് വിദ്യാലയം. എസ്. എസ്. എൽ. സി. 100% വിജയം നിലനിർത്തുന്നതിനും മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാനും, യു എസ് എസ് ലഭിക്കുന്ന കുട്ടികളുടെ എണ്ണവും വർദ്ധിച്ചു. കുട്ടികളെ അതിനെ പ്രാപ്തമാക്കാൻ അദ്ധ്യാപകർ സർവ്വസജ്ജരാണ്. പഠനപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപിലെത്തിക്കാനുള്ള ശ്രമങ്ങളും നടത്തുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെയും പ്രത്യേക പരിഗണന നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ വിദ്യാലയത്തിന് സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

Scanned with OKEN Scanner